

■ ഇസാഫ് ബ്ലഡ് ഡൊണേഷൻ ഫോറത്തിന്റെ ലോഗോ പ്രകാശനം ഫാ. സുനിൽ ചിരിയങ്കണ്ടത്ത് നിർവഹിക്കുന്നു.

# സ്ഥാപകദിനാഘോഷം

മണ്ണുത്തി: ഇവാഞ്ചലിക്കൽ സോഷ്യൽ ആക്ഷൻ ഫോറം (ഇസാഫ്) 18-ാം സ്ഥാപകദിനം ആഘോഷിച്ചു. ഒല്ലൂക്കര സഹകരണസംഘം ഹാളിൽ നടന്ന ആഘോഷ പരിപാടികളും ഇസാഫ് ബ്ലഡ് ഡൊണേഷൻ ഫോറവും ജൂബിലി മിഷൻ മെഡിക്കൽ കോളജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് ഉദ്ഘാടനംചെയ്തു. എക്സി. ഡയറക്ടർ കെ.പോൾ തോമസ് അധ്യക്ഷത വഹിച്ചു. ഇസാഫിന്റെ പുതിയ വെബ്സൈറ്റ്, ഇസാഫ് പ്രസിഡന്റ് പ്രൊഫ. എലിസബത്ത് ജോൺ സ്വിച്ച് ഓൺ ചെയ്തു. സംഘം മെമ്പർമാർക്ക് ഭവന നിർമാണ പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സഹായം ചടങ്ങിൽ വിതരണംചെയ്തു. ഇസാഫ് എസ്.എച്ച്.ജി. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ രക്തഗ്രൂപ്പ് നിർണയ ക്യാമ്പും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചിരുന്നു. ഇസാഫിന്റെ കരകൗശല നിർമാണ വിഭാഗമായ പ്രേരണയുടെ നേതൃത്വത്തിൽ കരകൗശല വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. ട്രഷറർ സെലീന ജോർജ്, ഡയറക്ടർ ഓപ്പറേഷൻസ്, ജോർജ് തോമസ്, ഡയറക്ടർ ക്രിസ്തുദാസ്, ഹെൽത്ത് കെയർ ഡയറക്ടർ ജേക്കബ് സാമുവൽ, ഇസാഫ് എസ്.എച്ച്.ജി. ബോർഡ് മെമ്പർ സരസ്വതി വേണുഗോപാൽ, പ്രൊഫ. ഡോ. വി. കൊച്ചുത്രേസ്യ, കൗൺസിലർ പി.യു. ഹംസ, നജിമ മുഹമ്മദ്, എൽസി ഡേവിസ് എന്നിവർ പ്രസംഗിച്ചു.